ഉത്തരം

(എ) ഉണ്ട്.

(ബി) 1958 മുതൽ നടക്കുന്നു.

(സി) കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിലും വെള്ളായണി കാർഷിക കോളേജിലും.

(ഡി, ഇ) വാഴയെ ബാധിക്കുന്ന കുറുനാമ്പ് രോഗത്തെക്കുറിച്ച് കണ്ണാറയിലെ വാഴഗവേഷണ കേന്ദ്രത്തിലും വെള്ളായണി കാർഷിക കോളേജിലും ഗവേഷണം നടക്കുന്നുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിന് നൈമറാ, ഫ്യൂറഡാൻ എന്നീ രാസവസ്തുക്കൾ നിർദ്ദിഷ്ട തോതിൽ ഉപയോഗിക്കുന്നത് ഏറെക്കുറെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

മലിനീകരണം മൂലം കൃഷി നാശം

616. [835] ശ്രീ. ബെന്നിബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചിത്രപ്പുഴ പ്രദേശത്ത് മലിനീകരണം മൂലം കൃഷി നാശം സംഭവിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടത്തെ കർഷകർക്ക് നഷ്ട പരിഹാരം കൊടുക്കുമെന്ന ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) എത്ര കർഷകർക്ക് ഇതുമൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(സി) 3000 ഏക്കർ പ്രദേശത്തെ കൃഷിക്കാരെയാണ് ബാധിച്ചിട്ടുള്ളതെങ്കിലും കൃഷിക്കാരുടെ കൃത്യമായ കണക്കെടുത്തിട്ടില്ല.

തെങ്ങ് രോഗം മൂലം ഉണ്ടാകുന്ന നഷ്ടം

617. [837] ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തെങ്ങിനു ബാധിച്ചുകൊണ്ടിരിക്കുന്ന വിവിധ തരം രോഗങ്ങൾ മൂലം സംസ്ഥാനത്തെ കേര കൃഷിക്കാർ പൊതുവേയും ഓണാട്ടുകരയിലെ കേര കൃഷിക്കാർ പ്രത്യേകിച്ചും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേര കൃഷിയെ ബാധിച്ചിട്ടുള്ള വിവിധതരം രോഗങ്ങളുടേയും അവ മൂലം ഉണ്ടാകുന്ന നഷ്ടങ്ങളുടെയും ജില്ല തിരിച്ചുള്ള കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തെങ്ങിനെ ബാധിച്ചുകൊണ്ടിരിക്കുന്ന വിവിധ തരം രോഗങ്ങം കൊണ്ടുള്ള നഷ്ടം കണക്കാക്കിയിട്ടില്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ വേരുചീയൽ രോഗം മൂലം പ്രതിവർഷം 968 ദശലക്ഷം തേങ്ങ നഷ്ടപ്പെടുന്നു. ഓണാട്ടുകരയിലെ കേര കൃഷിക്കാർക്കുമാത്രം നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

(ബി) തെങ്ങിനെ ബാധിക്കുന്ന വിവിധ തരം രോഗങ്ങം താഴെ പറയുന്നവയാണ്.

1. വേരുചീയൽ (റൂട്ട് വിൽറ്റ്)
2. ഓല ചീയൽ (ലീഫ് റോട്ട്)
3. കൂമ്പുചീയൽ
4. ഓല മഞ്ഞളിപ്പ് രോഗം.

ഇതിൽ ഓല ചീയൽ, കൂമ്പ് ചീയൽ, മഞ്ഞളിപ്പ് എന്നീ രോഗങ്ങം കൊണ്ട് ഉണ്ടാകുന്ന ജില്ല തിരിച്ചുള്ള നഷ്ടം എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടില്ല. വേരുചീയൽ രോഗം മൂലം ഉണ്ടാകുന്ന ഉൽപ്പാദന നഷ്ടം ജില്ല തിരിച്ചുള്ളത് താഴെ കൊടുക്കുന്നു.

ജില്ല	നാളികേര ഉൽപ്പാദന നഷ്ടം ദശലക്ഷക്കണക്കിൽ
1. തിരുവനന്തപുരം	11.34
2. കൊല്ലം	110.56
3. പത്തനംതിട്ട	99.89
4. ആലപ്പുഴ	271.02
5. കോട്ടയം	254.39
6. ഇടുക്കി	31.11
7. എറണാകുളം	177.13
8. തൃശ്ശൂർ	12.65
ആകെ	968.09

LIBRARY ARCHIVES Kerala Legislative Assembly